# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2017 മാർച്ച് 13, തിങ്കൾ

**നമ്പർ 54**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം:

പിറവം പെരിയപുരം സ്വദേശിനിയായ മിഷേൽ ഷാജിയുടെ മൃതദേഹം എറണാകുളം വാർഫിനു സമീപം കാണപ്പെട്ടതു സംബന്ധിച്ച അന്വേഷണത്തിലുള്ളതായി പറയപ്പെടുന്ന കാലതാമസവും സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ അമർച്ച ചെയ്യുന്നതിൽ പോലീസിന് ഉള്ളതായി പറയപ്പെടുന്ന വീഴ്ചയും മൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. അനൂപ് ജേക്കബും മറ്റ് രണ്ട് അംഗങ്ങളും ചേർന്ന് ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ:

(1) സംസ്ഥാന കായികമേഖല അഭിമുഖീകരിക്കുന്നതായി പറയപ്പെടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിച്ച് സമഗ്രവികസനം ഉറപ്പാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. റ്റി. വി. രാജേഷ് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) സംസ്ഥാനത്ത് രൂക്ഷമായ വരൾച്ചമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി കേരളാ വാട്ടർ അതോറിറ്റിയുടെയും അനുബന്ധ വിഭാഗങ്ങളുടെയും പ്രവർത്തനങ്ങൾ ഫലപ്രദവും സമയബന്ധിതവുമായി നടപ്പാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. മോൻസ് ജോസഫ് ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 547/2017(i).

<u>ചട്ടം 304 പ്രകാരം അംഗങ്ങൾ ഉന്നയിച്ച വിഷയങ്ങൾ</u>

ചട്ടം 304 പ്രകാരം അംഗങ്ങൾ താഴെപ്പറയുന്ന വിഷയങ്ങൾ സഭയിൽ ഉന്നയിച്ചു

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. കെ. സി. ജോസഫ് | മലയോര വികസന ഏജൻസിയുടെ പദ്ധതികൾക്ക് നബാർഡിൽ നിന്നു കൂടുതൽ സഹായം ലഭ്യമാക്കുന്നത് | മുഖ്യമന്ത്രി |
| 2 | ശ്രീ. കെ. എം. ഷാജി | സർക്കാർ പദ്ധതികൾക്ക് തീരദേശ പരിപാലന അതോറിറ്റിയുടെ വെരിഫിക്കേഷൻ ഫീ ഒഴിവാക്കുന്നത് | മുഖ്യമന്ത്രി |
| 3 | ശ്രീ. പി. ഉണ്ണി | ഒറ്റപ്പാലത്ത് ഫിലിംസിറ്റി സ്ഥാപിക്കുന്നത് | പട്ടികജാതി - പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |
| 4 | ശ്രീമതി ഗീതാ ഗോപി | ചേർപ്പിൽ എക്സൈസ് റേഞ്ച് ഓഫീസിന് കെട്ടിട നിർമ്മാണം | തൊഴിലും എക്സൈസും വകുപ്പുമന്ത്രിയ്ക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 5 | ശ്രീ. അടൂർ പ്രകാശ് | ചിറ്റാർ, സീതത്തോട്, തണ്ണിത്തോട്, അരുവാപ്പുലം എന്നീ പഞ്ചായത്തുകളിലെ പട്ടയ വിതരണം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | ശ്രീ. കോവൂർ കുഞ്ഞുമോൻ | ശാസ്താംകോട്ട കെ.എസ്.ആർ.ടി.സി. സബ്-ഡിപ്പോ അനുവദിക്കുന്നത് | ഗതാഗത വകുപ്പുമന്ത്രി |
| 7 | ശ്രീ. വി. ഡി. സതീശൻ | അഞ്ചാം സംസ്ഥാന ധനകാര്യകമ്മീഷന്റെ ശിപാർശകൾ | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 8 | ശ്രീ. പി. കെ. ശശി | അവയവദാനത്തിന്റെ പേരിൽ നടക്കുന്ന അവയവ കച്ചവടം തടയുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 9 | ശ്രീ. ഐ. ബി. സതീഷ് | യൂണിവേഴ്സിറ്റികളിലെ ലൈബ്രേറിയൻ തസ്തികകളിലേക്ക് പി.എസ്.സി. വഴി നിയമനം നടത്തുന്നത് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 10 | ശ്രീ. എ. എം. ആരിഫ് | തുറവൂർ പഞ്ചായത്ത് കുടുംബശ്രീ അംഗങ്ങളുടെ ഭവനശ്രീ വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്നത് | തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>ഗവൺമെന്റ് പ്രമേയം:</u>

കോട്ടയം ജില്ലയിലെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായി നിലനിർത്തണമെന്ന ആവശ്യം സംബന്ധിച്ച്, ചട്ടം 118 പ്രകാരമുള്ള താഴെപ്പറയുന്ന പ്രമേയം മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അവതരിപ്പിച്ചു:

"സിക്ക് യൂണിറ്റായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൊൽക്കത്തയിൽ പ്രവർത്തിക്കുന്ന ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷൻ ലിമിറ്റഡ് എന്ന മാതൃകമ്പനിയുടെ ഭാഗമായുള്ള സ്ഥാപനമാണ് കോട്ടയം ജില്ലയിലെ വെള്ളൂരിലെ 700 ഏക്കറിൽ സ്ഥിതിചെയ്യുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്.

ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ മാതൃകമ്പനിയിൽ നിന്നും വിഭജിച്ചുകൊണ്ട് വന-വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിൽ കേന്ദ്ര പൊതുമേഖലയിൽ തന്നെ

നിലനിർത്തുന്നതിനും വൈവിധ്യവത്കരണത്തിലൂടെ മുന്നോട്ട് പോകുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കേന്ദ്ര സർക്കാരിൽ നിന്നും ഉണ്ടാകണമെന്ന് ഈ സഭ , കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു."

പ്രമേയത്തിന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിച്ചു

"പ്രമേയത്തിലെ ഒന്നാം ഖണ്ഡികയ്ക്ക് താഴെയായി താഴെപ്പറയുന്ന ഖണ്ഡിക ചേർക്കുക:

ഈ സ്ഥാപനത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ തികച്ചും സൗജന്യനിരക്കിലാണ് നൽകുന്നത്. മാത്രമല്ല ഫാക്ടറിക്ക് പൾപ്പ് ഉണ്ടാക്കുന്നതിന് ആവശ്യമായ മരം വച്ചുപിടിപ്പിക്കാൻ വനംവകുപ്പിൽ നിന്ന് ആവശ്യമായ ഭൂമി സൗജന്യമായി നൽകിയിട്ടുമുണ്ട്. ആയതിനാൽ, സംസ്ഥാന ഗവൺമെന്റിന്റെ അംഗീകാരമില്ലാതെ ഈ സ്ഥാപനത്തെ സംബന്ധിച്ച് ഏകപക്ഷീയമായ തീരുമാനമെടുക്കുന്നത് കേരളത്തിന്റെ താൽപര്യത്തിന് വിരുദ്ധമാണ്. "

ഭേദഗതി അംഗീകരിക്കുകയും പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു.

റിപ്പോർട്ട് സമർപ്പണം:

പരിസ്ഥിതി സംബന്ധിച്ച കമ്മിറ്റിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിച്ചു

ചട്ടം സസ്പെന്റ് ചെയ്യുന്നത് സംബന്ധിച്ച സ്പീക്കറുടെ റൂളിംഗ്:

സഭയിൽ അവതരിപ്പിക്കേണ്ട മൂന്ന് ബില്ലുകളുടെ ചുമതലയുള്ള തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്ക് ആരോഗ്യ കാരണങ്ങളാൽ സഭയിൽ ഹാജരാകാൻ സാധിക്കാത്ത സാഹചര്യം പരിഗണിച്ച് പ്രസ്തുത ബില്ലുകളുടെ ആവശ്യത്തിലേക്കായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 78 താൽക്കാലികമായി സസ്പെന്റ് ചെയ്യുന്നതായി സ്പീക്കർ റൂളിംഗ് നൽകി.

നിയമനിർമ്മാണ കാര്യം:

(i) തൊഴിലും എക്സൈസും വകുപ്പ് മന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ 2016-ലെ വ്യാവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബില്ലും ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും അവതരിപ്പിച്ചു സംസാരിച്ചു. ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. എൻ. ഷംസുദ്ദീനും ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. ഐ. ബി. സതീഷും അവതരിപ്പിച്ചു സംസാരിച്ചു. ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും

ശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ച് തുടർന്ന് ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

(ii) 2016-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ തൊഴിലും എക്സൈസും വകുപ്പ് മന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ അവതരിപ്പിച്ചു. ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. കെ. എസ്. ശബരീനാഥനും ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീമതി യു. പ്രതിഭ ഹരിയും അവതരിപ്പിച്ചു സംസാരിച്ചു

[ഉച്ചയ്ക്ക് 12.30-ന് 2017-ലെ കേരള ധനവിനിയോഗബില്ലിന്റെ അവതരണത്തിനായി ബില്ലുകളിന്മേലുള്ള ചർച്ച നിർത്തിവെച്ചു.]

(iii) <u>2017-ലെ കേരള ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തര ഘട്ടങ്ങളും</u>

ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് 2017-ലെ ധനവിനിയോഗ ബില്ലും ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അവതരിപ്പിച്ചു

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. എം. നൗഷാദ്

ശ്രീ. അനിൽ അക്കര

ശ്രീ. എൽദോ എബ്രഹാം

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. ബി. ഡി. ദേവസ്സി

ശ്രീ. കെ. എസ്. ശബരീനാഥൻ

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് മറുപടി നൽകി. തുടർന്ന് 2017-ലെ കേരള ധനവിനിയോഗ ബിൽ വകുപ്പ് തിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും ഭേദഗതികളൊന്നും കൂടാതെ വോട്ടിനിട്ട് പാസ്സാക്കുകയും ചെയ്തു.

[2016-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബില്ലിന്മേലുള്ള ചർച്ച പുനരാരംഭിച്ചു.]

ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് ബിൽ സബ്ജക് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

(iv) തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ 2016-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലും ബിൽ സബ്ജക്റ്റ് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും അവതരിപ്പിച്ച് സംസാരിച്ചു. ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഒരു ഭേദഗതി **ശ്രീ. ജോൺ ഫെർണാണ്ടസും**, ബിൽ സെലക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. വി. ഡി. സതീശനും അവതരിപ്പിച്ച് സംസാരിച്ചു. ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം, ശ്രീ. ജോൺ ഫെർണാണ്ടസ് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു. ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് തള്ളി. തുടർന്ന് ബിൽ സബ്ജക്റ്റ് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയക്കുകയും ചെയ്തു.

(v) പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ 2017-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബില്ലും ബിൽ സബ്ജക്റ്റ് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേവും അവതരിപ്പിച്ച് സംസാരിച്ചു. ചർച്ച കൂടാതെ പ്രമേയം സഭ അംഗീകരിക്കുകയും ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

<u>സ്പീക്കറുടെ റൂളിംഗ്:</u>

2017 മാർച്ച് 9-ാം തീയതിയിലെ അടിയന്തര പ്രമേയത്തിനുള്ള നോട്ടീസിന്മേലുള്ള ചർച്ചയിൽ മുഖ്യമന്ത്രി നടത്തിയ ചില പരാമർശങ്ങൾ നീക്കണമെന്ന് പ്രതിപക്ഷ ആവശ്യം സംബന്ധിച്ച് സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി:

"2017 മാർച്ച് 9-ാം തീയതി അടിയന്തരപ്രമേയ അവതരണവുമായി ബന്ധപ്പെട്ട മറുപടി പ്രസംഗത്തിനിടയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ ചില പരാമർശങ്ങൾ ചട്ടം 307 പ്രകാരം രേഖയിൽ നിന്ന് നീക്കം ചെയ്യണമെന്ന് ശ്രീ. വി. ഡി. സതീശൻ എം.എൽ.എ. ആവശ്യപ്പെടുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പരാമമർശം പിൻവലിക്കാത്തതിൽ പ്രതിഷേധിച്ച് 9-3-2017, 10-3-2017 എന്നീ തീയതികളിൽ

ബഹുമാനപ്പെട്ട പ്രതിപക്ഷം സഭ ബഹിഷ്കരിക്കുകയും ഉണ്ടായി. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ നടത്തിയ വിശദീകരണം ഇതുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന അഭിപ്രായങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങളും ചെയർ വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ചെയറിനു ബോധ്യപ്പെട്ടത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവന അദ്ദേഹത്തിനുണ്ടായ രാഷ്ട്രീയമായ അഭിപ്രായം സംശയത്തിനിടയില്ലാതെ പ്രകടിപ്പിക്കുക മാത്രമാണ് ചെയ്തത് എന്നാണ്. തുടർന്ന് പ്രസ്തുത പ്രസ്താവനയുടെ നിജസ്ഥിതി സംബന്ധിച്ച് ബന്ധപ്പെട്ടവർക്ക് വിശദീകരിക്കാൻ അവസരം ലഭ്യമായിട്ടുണ്ടെന്നും, അതിന്റെ അടിസ്ഥാനത്തിൽ പ്രതിപക്ഷ നേതാവ് തന്റെ ഭാഗം ഭംഗിയായി വിശദീകരിച്ചു കഴിഞ്ഞതായും ചെയർ മനസ്സിലാക്കുന്നു. മാത്രവുമല്ല കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 307 പ്രകാരം അപകീർത്തിപരമായിട്ടുള്ളതോ, അൺപാർലമെന്ററിയായിട്ടുള്ളതോ ആയ പരാമർശങ്ങൾ എന്ന ഗണത്തിൽ പെടുത്താവുന്നവയല്ല ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളതെന്ന് ചെയറിന് കാണാൻ കഴിഞ്ഞത്. എന്നാൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ വാചകം നീക്കം ചെയ്തതുമായി ബന്ധപ്പെട്ട് ഇതിനെ താരതമ്യം ചെയ്യുന്നതിൽ യുക്തിരാഹിത്യമുണ്ട്. ഈ സഭാ തലത്തിൽ നിന്നും പുറത്തേക്ക് വമിക്കുന്ന ആശയങ്ങളോ, വാദമുഖങ്ങളോ, പൊതു സമൂഹത്തിൽ തെറ്റിദ്ധാരണയോ, കുപ്രചരണത്തിന് സാധ്യതയുണ്ടാക്കുന്നതോ, അതുവഴി സമൂഹത്തിൽ ഭിന്നിപ്പ് സൃഷ്ടിക്കാൻ കഴിയുന്നതോ ആകരുതെന്ന് ചെയറിന് നിർബന്ധമുണ്ട്. ഒരു പക്ഷേ പ്രതിപക്ഷനേതാവ് ഉദ്ദേശിക്കാത്ത അർത്ഥം പോലും വ്യാഖ്യാനിക്കപ്പെടാനുള്ള ഒരു സാഹചര്യം ഒഴിവാക്കേണ്ട ചുമതല ചെയറിനുണ്ട്. അത് ചെയറിന്റെ ബോധ്യമാണ്. ചെയർ നൽകിയ ഒരു റൂളിംഗിനെ സംബന്ധിച്ച് വീണ്ടും വിശദീകരണം നൽകാറില്ലെങ്കിലും ആവർത്തിച്ച് ഇക്കാര്യം ഉന്നയിക്കപ്പെട്ടതിനാലാണ് ചെയർ ഇതു സംബന്ധിച്ചും ചില കാര്യങ്ങൾ പറയാൻ ശ്രമിച്ചത്. രാഷ്ട്രീയമായ വിമർശനങ്ങളും ആരോപണങ്ങളും സഭയിൽ പതിവുള്ളതാണ്. അതിന് രാഷ്ട്രീയമായി മറുപടി പറയാൻ അവർക്ക് അവസരമൊരുക്കുക എന്ന ദൗത്യമാണ് ചെയറിന് സ്വീകരിക്കാൻ കഴിയുക. രാഷ്ട്രീയ അഭിപ്രായങ്ങളെയെല്ലാം സഭാ രേഖയിൽ നിന്ന് നീക്കം ചെയ്യുക എന്ന കീഴ്വഴക്കം ഇതുവരെ സ്വീകരിച്ചതായി കാണുന്നില്ല. ആയതിനാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പരാമർശം സഭാ രേഖകളിൽ നിന്ന് നീക്കം ചെയ്യേണ്ടതില്ലെന്ന് ചെയർ റൂൾ ചെയ്യുന്നു."

2017 മാർച്ച് 14 ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്കുശേഷം 2.44-ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**Fourth Session**

# BULLETIN—PART I

(Brief Record of Proceedings)

*Monday, March 13, 2017*

**No. 54**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions:*

Four questions in the list of questions posted for the day were answered orally.

*Adjournment Motion:*

After hearing the Chief Minister the Speaker withheld consent to the moving of an adjournment motion given notice of by Shri Anoop Jacob and two other members regarding the serious situation that had arisen due to the alleged delay in enquiry regarding the case of Mishel Shaji, belonging to Periapuram, Piravom who was found dead near the Ernakulam wharf and the reported lapse on the part of Police to curb the increasing atrocities against women and children in the State. As a mark of protest against the attitude of the Government in the matter the Members belonging to the opposition staged a walkout.

*Calling Attention :*

(1) Shri T. V. Rajesh called the attention of the Minister for Industries, Sports and Youth Affairs to the necessity to ensure the overall development of the sports sector in the State by resolving the various problems reportedly being faced. The Minister made a statement thereto.

(2) Shri Mons Joseph called the attention of the Minister for Water Resources to the necessity for Kerala Water Authority and allied sections to carry out time-bound and effective actions for finding solution to the reported drinking water scarcity consequent on the severe drought in the State.

KNPP. 547/2017(ii).

*The matters raised by Members under Rule 304:*

The matters raised by Members in the House under Rule 304 are listed below:

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. കെ. സി. ജോസഫ് | മലയോര വികസന ഏജൻസിയുടെ പദ്ധതികൾക്ക് നബാർഡിൽ നിന്നു കൂടുതൽ സഹായം ലഭ്യമാക്കുന്നത് | മുഖ്യമന്ത്രി |
| 2 | ശ്രീ. കെ. എം. ഷാജി | സർക്കാർ പദ്ധതികൾക്ക് തീരദേശ പരിപാലന അതോറിറ്റിയുടെ വെരിഫിക്കേഷൻ ഫീ ഒഴിവാക്കുന്നത് | മുഖ്യമന്ത്രി |
| 3 | ശ്രീ. പി. ഉണ്ണി | ഒറ്റപ്പാലത്ത് ഫിലിംസിറ്റി സ്ഥാപിക്കുന്നത് | പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |
| 4 | ശ്രീമതി ഗീതാ ഗോപി | ചേർപ്പിൽ എക്സൈസ് റേഞ്ച് ഓഫീസിന് കെട്ടിട നിർമ്മാണം | തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 5 | ശ്രീ. അടൂർ പ്രകാശ് | ചിറ്റാർ, സീതത്തോട്, തണ്ണിത്തോട്, അരുവാപ്പുലം എന്നീ പഞ്ചായത്തുകളിലെ പട്ടയവിതരണം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | ശ്രീ. കോവൂർ കുഞ്ഞുമോൻ | ശാസ്താംകോട്ട കെ.എസ്.ആർ.ടി.സി. സബ്-ഡിപ്പോ അനുവദിക്കുന്നത് | ഗതാഗത വകുപ്പുമന്ത്രി |
| 7 | ശ്രീ. വി. ഡി. സതീശൻ | അഞ്ചാം സംസ്ഥാന ധനകാര്യകമ്മീഷന്റെ ശിപാർശകൾ | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 8 | ശ്രീ. പി. കെ. ശശി | അവയവദാനത്തിന്റെ പേരിൽ നടക്കുന്ന അവയവ കച്ചവടം തടയുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 9 | ശ്രീ. ഐ. ബി. സതീഷ് | യൂണിവേഴ്സിറ്റികളിലെ ലൈബ്രേറിയൻ തസ്തികകളിലേക്ക് പി.എസ്.സി. വഴി നിയമനം നടത്തുന്നത് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 10 | ശ്രീ. എ. എം. ആരിഫ് | തുറവൂർ പഞ്ചായത്ത് കുടുംബശ്രീ അംഗങ്ങളുടെ ഭവനശ്രീ വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്നത് | തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |

The Ministers made statements on the respective subjects.

*Government Resolution:*

Shri Pinarayi Vijayan, Chief Minister moved a resolution under Rule 118, seeking perpetuation of the Hindustan News Print Ltd. in Central Public Sector.

"സിക്ക് യൂണിറ്റായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൊൽക്കത്തയിൽ പ്രവർത്തിക്കുന്ന ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷൻ ലിമിറ്റഡ് എന്ന മാതൃകമ്പനിയുടെ ഭാഗമായുള്ള സ്ഥാപനമാണ് കോട്ടയം ജില്ലയിലെ വെള്ളൂരിലെ 700 ഏക്കറിൽ സ്ഥിതിചെയ്യുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്.

ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ മാതൃകമ്പനിയിൽ നിന്നും വിഭജിച്ചുകൊണ്ട് വന-വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിൽ കേന്ദ്ര പൊതുമേഖലയിൽ തന്നെ

നിലനിർത്തുന്നതിനും വൈവിധ്യവത്കരണത്തിലൂടെ മുന്നോട്ടുപോകുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കേന്ദ്ര സർക്കാരിൽ നിന്നും ഉണ്ടാകണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു."

Shri Thiruvanchoor Radhakrishnan moved the following amendment to the resolution:

"പ്രമേയത്തിലെ ഒന്നാം ഖണ്ഡികയ്ക്ക് താഴെയായി താഴെപ്പറയുന്ന ഖണ്ഡിക ചേർക്കുക:

ഈ സ്ഥാപനത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ തികച്ചും സൗജന്യനിരക്കിലാണ് നൽകുന്നത്. മാത്രമല്ല ഫാക്ടറിക്ക് പൾപ്പ് ഉണ്ടാക്കുന്നതിന് ആവശ്യമായ മരം വച്ചുപിടിപ്പിക്കാൻ വനംവകുപ്പിൽ നിന്ന് ആവശ്യമായ ഭൂമി സൗജന്യമായി നൽകിയിട്ടുമുണ്ട്. ആയതിനാൽ, സംസ്ഥാന ഗവൺമെന്റിന്റെ അംഗീകാരമില്ലാതെ ഈ സ്ഥാപനത്തെ സംബന്ധിച്ച് ഏകപക്ഷീയമായ തീരുമാനമെടുക്കുന്നത് കേരളത്തിന്റെ താൽപ്പര്യത്തിന് വിരുദ്ധമാണ്. "

The amendment to the Resolution was adopted and the resolution was passed by the House unanimously.

*Presentation of Report:*

The First Report of the Committee on Environment was presented.

*Ruling by Speaker regarding Suspension of Rule:*

The Speaker made a ruling temporarily suspending Rule 78 of the Rules of Procedure and Conduct of Business in the Kerala Legislative Assembly for the three Bills that were to be introduced by the Minister for Labour and Excise who could'nt attend the sitting due to health issues.

*Legislative Business:*

(i) Shri G. Sudhakaran, Minister for Public Works and Registration introduced the Industrial Disputes (Kerala Amendment) Bill, 2016 for the Minister for Labour and Excise and moved that the Bill be referred to Subject Committee and spoke. Shri N. Samsudheen, as authorised by Shri P. K. Kunhalikutty, moved an amendment to circulate the Bill for eliciting public opinion and Shri I. B. Satheesh moved another amendment for referring the Bill to a Select Committee. After discussion and reply by the Minister the amendments moved

were withdrawn by the leave of the House. Then the Motion was adopted and the Bill was referred to the Subject Committee VII-Electricity, Labour and Labour Welfare.

(ii) Shri G. Sudhakaran, Minister for Public Works and Registration introduced The Minimum Wages (Kerala Amendment) Bill, 2016 for Minister for Labour and Excise and moved that the Bill be referred to Subject Committee and Spoke. Shri K. S. Sabarinathan moved an amendment that the Bill be circulated for eliciting public opinion and Smt. U. Prathibha Hari moved another amendment that the Bill be referred to a Select Committee.

(Discussion on the Bill was temporarily adjourned for the introduction of the Kerala Appropriation Bill, 2017.)

(iii) *Introduction and Further stages of the Kerala Appropriation Bill, 2017*

DR. T. M. Thomas Isaac, Minister for Finance and Coir introduced the Kerala Appropriation Bill, 2017 and moved that the Bill be taken up for consideration.

The following Members took part in the discussion:

Shri M. Noushad

Shri Anil Akkara

Shri Eldho Abraham

Prof. Abid Hussain Thangal

DR. N. Jayaraj

Shri B. D. Devassy

Shri K. S. Sabarinathan

DR. T. M. Thomas Isaacc, Minister for Finance and Coir replied to the points raised in the discussion. Then the Kerala Appropriation Bill was taken up for clause by clause consideration and passed by the House without any amendments.

[The discussion on the Minimum wages (Kerala Amendment) Bill, 2016 was resumed.]

After the discussion and reply by the Minister, the amendments moved were withdrawn by the leave of the House. The Motion was passed and then the Bill was referred to the Subject Committee VII-Electricity, Labour and Labour Welfare.

(iv) Shri G. Sudhakaran, Minister for Public Works and Registration introduced the Kerala Shops and Commercial Establishments Workers' Welfare Fund (Amendment) Bill, 2016 for Minister for Labour and Excise and moved that the Bill be referred to Subject Committee and spoke. Shri John Fernandez moved an amendment to circulate the Bill for eliciting public opinion and Shri V. D. Satheesan moved another amendment for referring the Bill to a Select Committee. After the discussion and reply by the Minister the amendment moved by Sri John Fernandez was withdrawn by the leave of the House and the amendment moved by Sri V. D. Satheesan was put to vote and lost. The motion was adopted and the Bill was then referred to the Subject Committee VII-Electricity, Labour and Labour Welfare.

(v) Shri A. K. Balan, Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs introduced the Payment of Salaries and Allowances (Amendment) Bill, 2017 and moved that the Bill be referred to Subject Committee The motion was adopted by the House without discussion and the Bill was referred to Subject Committee XIV-Home Affairs

*Ruling by the Speaker:*

The Speaker gave the following Ruling on the demand of opposition to expunge certain remarks made by the Chief Minister during the discussion on the notice of adjournment motion on 9th March, 2017.

"2017 മാർച്ച് 9-ാം തീയതി അടിയന്തരപ്രമേയ അവതരണവുമായി ബന്ധപ്പെട്ട മറുപടി പ്രസംഗത്തിനിടയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ ചില പരാമർശങ്ങൾ ചട്ടം 307 പ്രകാരം രേഖയിൽ നിന്ന് നീക്കം ചെയ്യണമെന്ന് ശ്രീ. വി. ഡി. സതീശൻ എം.എൽ.എ. ആവശ്യപ്പെടുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പരാമമർശം പിൻവലിക്കാത്തതിൽ പ്രതിഷേധിച്ച് 9-3-2017, 10-3-2017 എന്നീ തീയതികളിൽ ബഹുമാനപ്പെട്ട പ്രതിപക്ഷം സഭ ബഹിഷ്കരിക്കുകയും ഉണ്ടായി. ഇക്കാര്യത്തിൽ

ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ നടത്തിയ വിശദീകരണം ഇതുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന അഭിപ്രായങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങളും ചെയർ വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ചെയറിനു ബോധ്യപ്പെട്ടത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവന അദ്ദേഹത്തിനുണ്ടായ രാഷ്ട്രീയമായ അഭിപ്രായം സംശയത്തിനുപേണ പ്രകടിപ്പിക്കുക മാത്രമാണ് ചെയ്തത് എന്നാണ്. തുടർന്ന് പ്രസ്തുത പ്രസ്താവനയുടെ നിജസ്ഥിതി സംബന്ധിച്ച് ബന്ധപ്പെട്ടവർക്ക് വിശദീകരിക്കാൻ അവസരം ലഭ്യമായിട്ടുണ്ടെന്നും, അതിന്റെ അടിസ്ഥാനത്തിൽ പ്രതിപക്ഷ നേതാവ് തന്റെ ഭാഗം ഭംഗിയായി വിശദീകരിച്ചു കഴിഞ്ഞതായും ചെയർ മനസ്സിലാക്കുന്നു. മാത്രവുമല്ല കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 307 പ്രകാരം അപകീർത്തിപരമായിട്ടുള്ളതോ, അൺപാർലമെന്ററിയായിട്ടുള്ളതോ ആയ പരാമർശങ്ങൾ എന്ന ഗണത്തിൽ പെട്ടുത്താവുന്നവയല്ല ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളതെന്ന് ചെയറിന് കാണാൻ കഴിഞ്ഞത്. എന്നാൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ വാചകം നീക്കം ചെയ്തതുമായി ബന്ധപ്പെട്ട് ഇതിനെ താരതമ്യം ചെയ്യുന്നതിൽ യുക്തിരാഹിത്യമുണ്ട്. ഈ സഭാതലത്തിൽ നിന്നും പുറത്തേക്ക് വമിക്കുന്ന ആശയങ്ങളോ, വാദമുഖങ്ങളോ, പൊതു സമൂഹത്തിൽ തെറ്റിദ്ധാരണയോ, കുപ്രചരണത്തിന് സാധ്യതയുണ്ടാക്കുന്നതോ, അതുവഴി സമൂഹത്തിൽ ഭിന്നിപ്പ് സൃഷ്ടിക്കാൻ കഴിയുന്നതോ ആകരുതെന്ന് ചെയറിന് നിർബന്ധമുണ്ട്. ഒരു പക്ഷേ പ്രതിപക്ഷനേതാവ് ഉദ്ദേശിക്കാത്ത അർത്ഥം പോലും വ്യാഖ്യാനിക്കപ്പെടാനുള്ള ഒരു സാഹചര്യം ഒഴിവാക്കേണ്ട ചുമതല ചെയറിനുണ്ട്. അത് ചെയറിന്റെ ബോധ്യമാണ്. ചെയർ നൽകിയ ഒരു റൂളിംഗിനെ സംബന്ധിച്ച് വീണ്ടും വിശദീകരണം നൽകാറില്ലെങ്കിലും ആവർത്തിച്ച് ഇക്കാര്യം ഉന്നയിക്കപ്പെട്ടതിനാലാണ് ചെയർ ഇതു സംബന്ധിച്ചും ചില കാര്യങ്ങൾ പറയാൻ ശ്രമിച്ചത്. രാഷ്ട്രീയമായ വിമർശനങ്ങളും ആരോപണങ്ങളും സഭയിൽ പതിവുള്ളതാണ്. അതിന് രാഷ്ട്രീയമായി മറുപടി പറയാൻ അവർക്ക് അവസരമൊരുക്കുക എന്ന ദൗത്യമാണ് ചെയറിന് സ്വീകരിക്കാൻ കഴിയുക. രാഷ്ട്രീയ അഭിപ്രായങ്ങളെയെല്ലാം സഭാ രേഖയിൽ നിന്ന് നീക്കം ചെയ്യുക എന്ന കീഴ്വഴക്കം ഇതുവരെ സ്വീകരിച്ചതായി കാണുന്നില്ല. ആയതിനാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പരാമർശം സഭാ രേഖകളിൽ നിന്ന് നീക്കം ചെയ്യേണ്ടതില്ലെന്ന് ചെയർ റൂൾ ചെയ്യുന്നു."

The House adjourned at 2.44 p.m. to meet again at 8.30 a.m. on Tuesday, March 14, 2017.

V. K. BABU PRAKASH,
*Secretary.*